# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733370

**വാർത്താക്കുറിപ്പ്**

**2023 ഡിസംബർ 8**

---

## ഗവേഷണ പദ്ധതിയിൽ ഫീൽഡ് വർക്കർ; അപേക്ഷിക്കാം

മഹാത്മാ ഗാന്ധി സർവകലാശാല സെർബ് പ്രോജക്ടിലെ ഗവേഷണ പദ്ധതിയിൽ ഫീൽഡ് വർക്കറുടെ ഒരു താൽക്കാലിക തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചു. കുടിയേറ്റ തൊഴിലാളികളുടെ ആരോഗ്യ സംരക്ഷണത്തിൽ സാമൂഹിക സ്ഥാപനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും സ്വാധീനം എന്നതാണ് പഠന വിഷയം.

പ്രതിമാസ ശമ്പളം 19800 രൂപ. സോഷ്യൽ സയൻസിൽ കുറഞ്ഞത് 60 ശതമാനം മാർക്കോടെ ബിരുദാനന്തര ബിരുദമാണ് അടിസ്ഥാന യോഗ്യത. കുടിയേറ്റ തൊഴിലാളികളുമായി ബന്ധപ്പെട്ട അംഗീകൃത അക്കാദമിക് രംഗത്ത് ഒരു വർഷത്തെ ഫീൽഡ് വർക്ക് പരിചയം, എംഎസ് ഓഫീസ് ആപ്ലിക്കേഷനുകളിൽ പ്രാവീണ്യം, മലയാളം, ഹിന്ദി, ബംഗാളി, അസമീസ്, മറ്റ് പ്രാദേശിക ഭാഷകൾ എന്നിവയിൽ പരിജ്ഞാനം. കേരളത്തിലെ വിവിധ ജില്ലകളിൽ താമസിച്ചു വിവരശേഖരണം നടത്തുന്നതിനുള്ള സന്നദ്ധത എന്നിവ അഭിലഷണീയം.

താൽപ്പര്യമുള്ളവർ യോഗ്യതാ രേഖകൾ സഹിതമുള്ള അപേക്ഷ 2023 ഡിസംബർ 16നു രാവിലെ 11നു മുൻപ് serbqss@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിൽ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 8714770906 എന്ന നമ്പറിൽ ബന്ധപ്പെടണം.
(പി.ആർ.ഒ/39/1438/2023)

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ ബയോ ഇൻഫർമാറ്റിക്സ്(സി.ബി.സി.എസ് ന്യൂ സ്കീം-2022 അഡ്മിഷൻ റെഗുലർ, 2021 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2020, 2019, 2018, 2017 അഡ്മിഷൻ റീഅപ്പിയറൻസ് ഒക്ടോബർ 2023) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഡിസംബർ 11 മുതൽ ഇടത്തല എം.ഇ.എസ് കോളജ് ഫോർ അഡ്വാൻസ്ഡ് സ്റ്റഡീസിൽ നടക്കും.വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.
(പി.ആർ.ഒ/39/1439/2023)

## വൈവ വോസി

അഫിലിയേറ്റഡ് ലോ കോളജുകളിലെ പത്താം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബി.എ, ബി.ബി.എ, ബി.കോം, എൽ.എൽ.ബി(ഓണേഴ്സ് -2018 അഡ്മിഷൻ റെഗുലർ, 2018 മുൻപുള്ള അഡ്മിഷനുകൾ സപ്ലിമെന്ററി സെപ്റ്റംബർ 2023) പരീക്ഷയുടെ വൈവ വോസി പരീക്ഷകൾ ഡിസംബർ 13 മുതൽ അതത് കോളജുകളിൽ നടക്കും. വിശദമായ ടൈം ടേബിൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1440/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്(ന്യൂ സ്കീം-2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2017 മുതൽ 2022 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) ഒന്നാം സെമസ്റ്റർ സി.ബി.സി.എസ് ബി.എസ്.സി സൈബർ ഫോറൻസിക്(2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2019, 2020, 2021, 2022 അഡ്മിഷനുകൾ റീ അപ്പിയറൻസ്) പരീക്ഷകൾക്ക് ഡിസംബർ 16 വരെ ഫീസ് അടച്ച് അപേക്ഷ നൽകാം. ഫൈനോടുകൂടി ഡിംബർ 18 വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 19നും അപേക്ഷ സ്വീകരിക്കും. വിശദ വിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1441/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**